കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി9-93/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ ജില്ല,
തീയതി: 24.01.2019
ഫോൺ – 0477 2252753
ഇ-മെയിൽ -ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-6, 3-7 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി9-93/19 തീയതി : 24.01.2019

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 6.7.2017 മുതൽ 30.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും	ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും
10.12.2018 മുതൽ 19.12.2018 വരെ	ശ്രീമതി. എസ്. എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) ശ്രീ. രാജേഷ്. കെ. ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീമതി. രാജിമോൾ. പി. സി, ഓഡിറ്റർ.

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

ശ്രീമതി. ആബിത ആസിസ്	01.4.2017 മുതൽ 31.3.2018വരെ

സെക്രട്ടറി

ശ്രീമതി. പി. വി. മണിയപ്പൻ	1.04.2017 മുതൽ 16.06.2017FNവരെ
ശ്രീമതി. വസന്തകുമാരി. എം	16.06.2017AN മുതൽ 31.12.2017വരെ
ശ്രീമതി. പി. ഹരിദാസ് (സെക്രട്ടറി ഇൻ ചാർജ്)	01.01.2018മുതൽ 24.01.2018വരെ
ശ്രീ. കമലേശൻ. വി	25.01.2018മുതൽ 31.03.2018വരെ

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

ക്രമ നം.	സ്റ്റാൻഡിംഗ് കമ്മറ്റി	പേര്	കാലയളവ്
1	ആരോഗ്യ, വിദ്യാഭ്യാസം	യാസ്മിൻ. എച്ച്	01.4.2017 മുതൽ 31.3.18വരെ.
2	വികസനകാര്യം	ബിനിത പ്രമോദ്	01.4.2017 മുതൽ 31.3.18വരെ.
3	ക്ഷേമകാര്യം.	പി. എം. അഹമ്മദുകുട്ടി	01.4.2017 മുതൽ 31.3.2018 വരെ
4	ധനകാര്യം.	കെ. എ. രാജൻ	01.4.2017 മുതൽ 31.3.18വരെ.

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

കൃഷി ഓഫീസർ	ശ്രീമതി. ആനി ആന്റണി	01.04.2017 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	അനസ്. എ	1.04.2017 മുതൽ 31.3.2018 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി. ഇന്ദുലേഖ. ജി ശ്രീമതി. മോളി ശ്രീമതി. ഇന്ദുലേഖ. ജി	01.04.2017 മുതൽ 31.05.2017 വരെ 01.06. 2017 മുതൽ 26.12.2017വരെ 27.12.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	ഡോ. കെ. എ. ജോർജ്	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി	ഡോ. അഷയിൻ ജോസ്. വി. ജെ ഡോ. ദീപക്. കെ	1.4.2017 മുതൽ 29.05.2017FNവരെ 29.05.2017ANമുതൽ 31.3.2018വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ. ബീന. എ ഡോ. സിന്ധു ആന്റണി	01.04.2017 മുതൽ 31.10.2017വരെ 31.10.2017മുതൽ 31.03.2018വരെ
ഹെഡ് മിസ്ട്രസ്സ്, ഗവ.എൽ.പി. എസ്.	ശ്രീ. എം. ബി. ശിവകുമാർ ശ്രീ. എൻ. അശോക് കുമാർ	01.04.2017 മുതൽ 31.05.2017വരെ 01.06.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ.	ശ്രീ. സതീഷ് കുമാർ. കെ. പി	01.04.2017 മുതൽ 31.3.2018 വരെ
അസി. സെക്രട്ടറി	ഹരിദാസ്. പി	01.04.2017 മുതൽ 31.3.2018 വരെ
അസിസ്റ്റന്റ് എൻജിനീയർ	ജാൻസി. എഫ്	01.04.2017 മുതൽ 31.3.2018 വരെ
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	ദീപ. ആർ (അരുക്കുറ്റി സർക്കിൾ)	01.04.2017 മുതൽ 31.03.2018വരെ
	ഉണ്ണിക്കുട്ടൻ (നദുവത്ത് സർക്കിൾ)	01.04.2017 മുതൽ 31.03.2018വരെ
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.	പൊന്നമ്മ. കെ. ടി	01.04.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം :

ക്രമ നം.	ഖണ്ഡിക നം.	ഇനം
ഭാഗം – 1		
1	1-1 മുതൽ 1-12 വരെ	പൊതു അവലോകനം
ഭാഗം – 2		
2	2-1	തനത് ഫണ്ട് അക്കൗണ്ട്-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നില്ല.
3	2-2	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -സംബന്ധിച്ച്
4	2-3	ഡി&ഒ ലൈസൻസ് ഫീസ്-കുറഞ്ഞ നിരക്കിൽ ഈടാക്കി
5	2-4	സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കലിന്റെ വിശദാംശങ്ങളില്ല
6	2-5	ബിൽഡിംഗ് പെർമിറ്റ് -അധിക നിരക്ക് ഈടാക്കി
7	2-6	ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.
8	2-7	ലേലം കുടിശ്ശിക ഈടാക്കിയില്ല
ഭാഗം – 3		
9	3-1	വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- തുക നൽകിയിട്ടും അധിക വാറന്റി ലഭ്യമാക്കിയില്ല.
10	3-2	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ -വിതരണം നടത്താതെ സൂക്ഷിക്കുന്നു.
11	3-3	മെഡിക്കൽ ഉപകരണങ്ങൾ ക്വട്ടേഷൻ പ്രകാരമല്ലാതെ വാങ്ങി
12	3-4	പാലിയേറ്റീവ് പരിചരണം -മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.
13	3-5	വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.
14	3-6	ഖരമാലിന്യശേഖരണവും നിർമ്മാർജ്ജനവും -തുടർ നടപടികളില്ല
15	3-7	പൈപ്പ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം നടത്താതെ സൂക്ഷിക്കുന്നു
16	3-8	സ്കോളർഷിപ്പ് വിതരണം- ചെലവുരേഖകൾ പൂർണ്ണമല്ല
17	3-9	നാളികേര കൃഷി വികസനം- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ
18	3-10	വെള്ളക്കരം
19	3-11	സാക്ഷരതാ പ്രേരക്മാർക്ക്അനുവദിച്ച ഹോണറേറിയം - 36,000/- രൂപ

		ക്രമീകരിച്ചിട്ടില്ല
20	3-12	ശമ്പള പരിഷ്കരണത്തിനാനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല
21	3-13	തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്
22	3-14	വിനൈൽ ഫോം ബോർഡ് പ്രിന്റിംഗ്- അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല
23	3-15	പ്രോജക്ട് നിർവ്വഹണത്തിലെ അപാകത
24	3-16	അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകതകൾ
ഭാഗം – 4		
25	4-1 മുതൽ 4-10 വരെ	പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
26	അനുബന്ധം – I	ഓഡിറ്റ് സർട്ടിഫിക്കറ്റ്
27	അനുബന്ധം - II	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2017-18-ലെ ബജറ്റ് 27-3-2017 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	132171751	137972800
വാർഷിക കണക്ക് പ്രകാരം	83869867	84029194

2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പേര്	ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി
വികസനം	10.01.2017
ക്ഷേമകാര്യം	09.01.2017
ആരോഗ്യ - വിദ്യാഭ്യാസം	28.01.2017

ബജറ്റ് രൂപീകരണം - അപാകതകൾ

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ചുമാണ് ബജറ്റ് രൂപീകരിക്കേണ്ടത്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപന ങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബജറ്റ് തയ്യാറാക്കിയത് .

ആയതിനാൽ യഥാർത്ഥത്തിലുള്ള വരവ്- ചെലവ് കണക്കുകളും ബജറ്റ് എസ്ററിമേറ്റും തമ്മിൽ കോടികണക്കിനു രൂപയുടെ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

സമർപ്പിച്ച തീയതി - 29.05.2018

വാർഷിക ധനകാര്യപത്രിക സമയപരിധിയ്ക്കുള്ളിൽ തന്നെ സമർപ്പിച്ചിട്ടുണ്ട്.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി	സർട്ടിഫിക്കറ്റ് വിവരം
2017-2018	കെ.എസ്സ്എ.എ.എൽ.പി./ജി.എ4/1126(56)/6.7.2018	വിശേഷണങ്ങളോടുകൂടിയത്

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	10288625
വരവ്	46846809
ആകെ	57135434
ചെലവ്	47006136
നീക്കിയിരിപ്പ്	10129298

1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വി. ഫണ്ട് (ജനറൽ)		10900890	10900890	9644404	1256486
വി. ഫണ്ട് (എസ്.സി.പി)		3819666	3819666	3653913	165753
വി. ഫണ്ട് (ടി.എസ്.പി)		49821	49821	41545	8276
മെയിന്റനൻസ് ഫണ്ട് -റോഡ്		3076004	3076004	2870829	205175
മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്		2816671	2816671	2816671	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		10371869	10371869	5371468	5000401

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കെ.എൽ.എസ്.ജി.ഡി.പി		2132187	2132187	2127493	4694
ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്)	4387594	6326000	10713594	10570299	143295
എസ്. ബി. ഐ. സീറോ ബാലൻസ്	0	111113	111113	0	111113
എസ്. ബി. ഐ. തനത് ഫണ്ട്	966237	2958995	3925232	1924795	200437
എസ്. ബി. ഐ. സാക്ഷരത	77542	1712	79254	36000	43254
എം.എൻ.ആർ.ഇ.ജി.എസ്	3338	562719	566057	515242	50815
എസ്. ബി. ഐ. ടി എസ് സി.	371425	3091532	3462957	1980811	1482146
ട്രഷറി റ്റി.എസ്.ബി.(ജോയിന്റ് വെഞ്ചർ)	1053209	1550269	2603478	1970733	632745
ബി-ഫണ്ട്		23650660	23650660	23650660	0
എ.ഡി.സി.ബി.തനത് ഫണ്ട്	2309099	5227366	7536465	2890449	4646016
ക്യാഷ്(തനത് ഫണ്ട്)	189553	152659	342212	189553	152659
എസ്.ബി.ഐ. ഐ. സി. ഡി. എസ്	930628	157761	1088389	221571	866818

1-6 പദ്ധതി അവലോകനം.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
132	40905737	99	31062224	27	6	75.9

പദ്ധതി നിർവ്വഹണം സമയ ബന്ധിതമല്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ (ജി ഒ (എം എസ്) 72/2017 തസ്വഭവ തീ 29.03.2017 പ്രകാരം ഓരോ പാദത്തിലും 25% ശതമാനം പദ്ധതികളെങ്കിലും പൂർത്തിയാക്കാൻ ലക്ഷ്യമിടേണ്ടതാണ്. എന്നാൽ മാർച്ച് മാസമാണ് കൂടുതലും ചെലവ് വന്നിട്ടുള്ളത്. തന്മൂലം പ്രൊജക്ടുകൾ സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹണം നടത്താൻ സാധിച്ചില്ല. പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെലവ് ശതമാനം കൃത്യമായി മോണിറ്റർ ചെയ്യുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഒന്നാം പാദ വർഷം 25% എങ്കിലും പ്രൊജക്ട് നിർവ്വഹണം നടത്തണം എന്ന നിർദ്ദേശം മാത്രമാണ് കമ്മിറ്റി നൽകിയിട്ടുള്ളത്.

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	3338	562719	566057	515242	50815
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്		13552758	13552758	13552758	
ആകെ	3338	14115477	14118815	14068000	50815

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	120360	203
കർഷകതൊഴിലാളി പെൻഷൻ	1905700	652
വിധവാപെൻഷൻ	7365200	2464
വാർദ്ധക്യകാലപെൻഷൻ	11706000	3685
വികലാംഗപെൻഷൻ	2245600	731
അവിവാഹിതപെൻഷൻ	247800	84
വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്)	60000	2

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2018-ാം തീയതി 3.00മണിക്ക് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,767/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.

1. അരുക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് പൂർണ്ണമായും തൃപ്തികരമല്ല.
2. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. .
3. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ സെക്രട്ടറി ഇൻഷ്യൽ ചെയ്ത് അതാത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്.
4. സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചല്ല വാങ്ങലുകൾ നടത്തുന്നത്.
5. ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിക്കപ്പെടുന്നില്ല.
6. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർക്കുന്നില്ല്ല.
7. തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.11.18– 16.11.18	10.2018	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16.03.17- 28.03.17	2011-12 to 2015-16	16.05.2017

1-12 വാർഷിക കണക്ക്

6.7.2018ലെ കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(56)/2018 പ്രകാരം കണ്ടെത്തിയ വാർഷിക കണക്കിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തനത് ഫണ്ട് അക്കൗണ്ട്-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നില്ല.

അരുക്കുറ്റി ഗ്രാമപഞ്ചായത്തിൻെറ തനത് ഫണ്ട് അക്കൗണ്ട് ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലെ സേവിംഗ്സ് അക്കൗണ്ടിലാണ് (അക്കൗണ്ട് നം. 40561001000758) നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ 40 ലക്ഷത്തിനും 50 ലക്ഷത്തിനും ഇടയിലുള്ള തുക അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ഈ തുകയ്ക്ക് നിലവിൽ 3.5% നിരക്കിലുള്ള പലിശ മാത്രമാണ് ലഭിക്കുന്നത്. തനത് ഫണ്ടിൽ നിന്നും പഞ്ചായത്തിൻെറ ദൈനംദിന ചെലവുകൾക്കുള്ള ഒരു നിശ്ചിത തുക നിലനിർത്തി ബാക്കി തുക നിശ്ചിത കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുന്ന ഏതെങ്കിലും സ്കീമിൽ നിക്ഷേപിക്കുന്നത് വഴി പലിശ ഇനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ഒരു നിശ്ചിത സംഖ്യ ഉയർന്ന പലിശ ലഭിക്കുന്ന നിക്ഷേപമായി മാറ്റുകയോ നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിനെ ഒരു നിശ്ചിത സംഖ്യക്ക് മുകളിൽ വരുന്ന തുക

ഉയർന്ന പലിശയുള്ള വിഭാഗത്തിലേക്ക് ഓട്ടോമാറ്റിക്കായി മാറ്റുന്നതരം ഫ്ലെക്സി ഇനം അക്കൗണ്ടാക്കി മാറ്റുന്നതോ പരിഗണിക്കാവുന്നതാണ്. ഇപ്രകാരമുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23, തീയതി. 18.12.2018) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സാധ്യതകൾ പരിഗണിക്കുന്നത് വഴി ഈ അക്കൗണ്ടിൽ നിന്നും പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് ഏകദേശം ഇരട്ടിയോളം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യമാണുള്ളത്.

2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -സംബന്ധിച്ച്

കെ.പി.ഡബ്ല്യൂ.എ. കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ. എം. ഡി. മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്. കൂടാതെ കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരവും 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ/ തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്.

അരുക്കുറ്റി ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ഉള്ളതായി കാണുന്നു. ടി നിക്ഷേപങ്ങൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2-3 ഡി&ഒ ലൈസൻസ് ഫീസ്-കുറഞ്ഞ നിരക്കിൽ ഈടാക്കി

1. ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

വാർഡ്/ കെട്ടിട നം.	സ്ഥാപനം/ഉടമയുടെ പേര്	യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ടിയിരുന്ന ഫീസ്	ഈടാക്കിയ ഫീസ്	കുറവ്
1/287	TK saw mill, കല്ല്യാണിക്കുട്ടി, ശ്രീവത്സം, അരുക്കുറ്റി	36 H.P	500/-	200	300/-
3/279	പൊടിമില്ല്, ജലജ കാർത്തികേയൻ	10 H.P	100/-	50/-	50/-
10/276	പൊടിമില്ല്, റഹീം	10 H.P	100/-	-	100/-
ആകെ					450/-

2. ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനം നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ദിവസേനയുള്ള വിറ്റുവരവിന് ആനുപാതികമായി ഈടാക്കാവുന്നതിലും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

വാർഡ് നം./ കെട്ടിട നം.	സ്ഥാപനം/ഉടമയുടെ പേര്	ദിവസേനയുള്ള വിറ്റുവരവ്	ഈടാക്കിയ ലൈസൻസ് ഫീസ്	ഈടാക്കാവുന്ന ഫീസ്	കുറവ്
13/432	പെട്രോൾ പമ്പ്, പി. വി. ദിനേശൻ	4,00,000	2500/-	4000	1500/-

ഇക്കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 1950/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2-4 സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കലിന്റെ വിശദാംശങ്ങളില്ല

പഞ്ചായത്തിന്റെ ഡി & ഒ ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ ആശുപത്രികൾ/ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 ൽ രജിസ്ട്രേഷൻ/ രജിസ്ട്രേഷൻ പുതുക്കൽ നടത്തിയതായ രജിസ്റ്ററോ രേഖകളോ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കിയില്ല.

വാർഡ് നം/കെട്ടിട നം	സ്ഥാപനം	സ്ഥാപന ഉടമയുടെ പേര്
VII/464	അൽ ഷിഫ ദന്തൽ ക്ലിനിക്ക്	ഡോ. സാനിയ
XIII/406	ശ്രീചിത്ര ക്ലിനിക്കൽ ലാബ്	സുഷമ
XI/374D	കണ്ടംകുളത്തി ആയുർവ്വേദ ക്ലിനിക്ക്	ഫ്രാൻസിസ് പോൾ
XI/344	വൈദ്യരത്നം ഔഷധശാല	ഡോ. കെ കെ മുഹമ്മദ്

കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26, തീയതി. 18.12.2018) മറുപടി ലഭ്യമായിട്ടില്ല.

പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കനുസൃതമായി പാരാമെഡിക്കൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ/ പുതുക്കൽ സംബന്ധിച്ച വിവരങ്ങൾ തയ്യാറാക്കി സ്ഥാപനങ്ങളുടെ നിയമാനുസൃതമായുള്ള പ്രവർത്തനം ഉറപ്പുവരുത്തേണ്ടതാണ്.

2-5 ബിൽഡിംഗ് പെർമിറ്റ് -അധിക നിരക്ക് ഈടാക്കി

കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം കാറ്റഗറി II പഞ്ചായത്തുകളിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും പെർമിറ്റ് ഫീസ് ചതുരശ്ര മീറ്ററിന് യഥാക്രമം 3/- രൂപ, 5/- രൂപ എന്നിങ്ങനെയാണ്. എന്നാൽ അരുക്കുറ്റി ഗ്രാമ പഞ്ചായത്തിലെ 2017-18വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചതുരശ്ര മീറ്ററിന് യഥാക്രമം 4.50 രൂപ, 7.50 രൂപ എന്നീ നിരക്കുകളിലാണ് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. ഈ അധിക നിരക്ക് ഈടാക്കിയിരുന്നത് പിൻവലിച്ച് നിയമാനുസൃത നിരക്കുമാത്രമാണ് നിലവിൽ ഈടാക്കുന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത നിരക്കിലും അധികരിച്ച് ഫീസ് ഈടാക്കിയത് ക്രമപ്രകാരമല്ല. അതുപോലെ ക്രമവത്ക്കരിക്കുന്ന കെട്ടിട നിർമ്മാണങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പെർമിറ്റ് ഇല്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടേയും പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച കെട്ടിടങ്ങളുടെയും ഫീസിനങ്ങളിൽ വാങ്ങിയ തുകയുടെ കൃത്യതയും വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല. ബിൽഡിംഗ് പെർമിറ്റിന്റെ റഗുലറൈസേഷൻ സംബന്ധിച്ച എല്ലാവിവരങ്ങളും രേഖപ്പെടുത്തുന്ന രജിസ്റ്റർ/ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റില്ലാതെ നിർമ്മിച്ച ശ്രീ. ബാദുഷ, കൈതോത്ത് എന്നയാളുടെ പാർപ്പിടാവശ്യത്തിനുള്ള 169.34 ച.മീ. കെട്ടിടം റെഗുലറൈസ് ചെയ്തപ്പോൾ പെർമിറ്റ് ഫീസ് വാങ്ങാതെ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. (കെട്ടിട നം.VI/205 /A) പെർമിറ്റ് എടുത്ത് നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളിൽ പെർമിറ്റിലും അധികരിച്ച് നിർമ്മിച്ച കെട്ടിട ഭാഗങ്ങൾക്ക് പെർമിറ്റ് ഫീസിന്റെ മൂന്ന് മടങ്ങ് ഫീസ് ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഇത് പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2-6 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തെ 29മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 19800/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	ടെണ്ടർ ഐ. ഡി	ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം	ടെണ്ടർ ഫീസ്	ആകെ ലഭ്യമായ ടെണ്ടർ ഫീസ്
1	അഞ്ചുകണ്ടം – കുരിശുപള്ളി റോഡ് റീടാറിംഗ് (വാർഡ്-3)	2017-LSGD-137673-1	1	600	600
2	കണ്ണാറപ്പള്ളി – പാടത്തറ – പാട്ടുപറമ്പ് മെറ്റലിംഗ് & ടാറിംഗ്(വാർഡ്-5)	2017-LSGD-137694-1	1	600	600
3	മൂലങ്കുഴി കോളനി റോഡ് ടാറിംഗ് (വാർഡ് -6)	2017-LSGD-137722-1	1	600	600
4	നരീക്കാട്ട് വെളി പുത്തൻപുരയ്ക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ്	2017-LSGD-137740-1	1	600	600
5	വളയനാട് ലക്ഷം വീട് റോഡ് മെറ്റലിംഗ് & ടാറിംഗ് (വാർഡ് -11)	2017-LSGD-137766-1	1	600	600
6	അങ്ങാടി ശ്രാപ്പള്ളി റോഡ് റീ-ടാറിംഗ് (വാർഡ് -13)	2017-LSGD-137776-1	1	600	600
7	സിറാജ് പള്ളി മംഗലശ്ശേരി കടവ് റോഡ് നിർമ്മാണം (കോൺക്രീറ്റിംഗ്)	2017-LSGD-137816-1	1	500	500
8	അഞ്ചുകണ്ടം-കുരിശുപള്ളി റോഡ് റീടാറിംഗ് (വാർഡ് -3)	2017-LSGD-137673-2	2	600	1200
9	കണ്ണാറപ്പള്ളി-പാടത്തറ-പാട്ടുപറമ്പ് മെറ്റലിംഗ് & ടാറിംഗ് (വാർഡ് -5)	2017-LSGD-137694-2	1	600	600
10	മൂലങ്കുഴി കോളനി റോഡ് ടാറിംഗ് (വാർഡ് -6)	2017-LSGD-137722-2	2	600	1200

11	നരീക്കാട്ട് വെളി പുത്തൻപുരയ്ക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ്	2017-LSGD-137740-2	2	600	1200
12	മംഗലശ്ശേരി കറുകച്ചിറ റോഡ് മെറ്റലിംഗ് & ടാറിംഗ് (വാർഡ് -9)	2017-LSGD-137751-2	1	500	500
13	വളയനാട് ലക്ഷം വീട് റോഡ് മെറ്റലിംഗ് & ടാറിംഗ് (വാർഡ് -11)	2017-LSGD-137766-2	2	600	1200
14	അങ്ങാടി ശ്രാപ്പള്ളി റോഡ് റീ-ടാറിംഗ് (വാർഡ് -13)	2017-LSGD-137776-2	2	600	1200
15	തുമ്പോർമുഴി മോഡൽ എയറോബിക് കമ്പോസ്റ്റ് നിർമ്മിക്കൽ	2017-LSGD-137782-2	1	500	500
16	ആയുർവേദ ആശുപത്രി അറ്റകുറ്റപണി	2017-LSGD-137798-2	1	500	500
17	അരുക്കുറ്റി ഗവ. യു.പി. സ്കൂൾ മെയിന്റനൻസ്	2017-LSGD-137813-2	1	500	500
18	സാനിട്ടറി കമ്മ്യൂണിറ്റി കോംപ്ലക്സ് നിർമ്മാണം	2017-LSGD-148381-1	1	1200	1200
19	സിറാജ് പള്ളി മംഗലശ്ശേരി കടവ് റോഡ് നിർമ്മാണം (കോൺക്രീറ്റിംഗ്)	2017-LSGD-137816-2	1	500	500
20	സാനിട്ടറി കമ്മ്യൂണിറ്റി കോംപ്ലക്സ് നിർമ്മാണം	2017-LSGD-148381-2	2	1200	2400
21	കണ്ണാറപ്പള്ളി-പാടത്തറ-പാട്ടുപറമ്പ് റോഡ് കാന നിർമ്മാണം (വാർഡ് -5)	2017-LSGD-174676-1	2	500	1000
22	കളരിക്കൽ റോഡ് – കുറ്റ്യാനിക്കൽ കണ്ടം കാന നിർമ്മാണം (വാർഡ് -2)	2017-LSGD-174714-1	2	1000	2000
					19800

എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

2-7 ലേലം കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ ലേലം ഇനത്തിൽ 1600/-രൂപ കുടിശ്ശിക ഉണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതിയിലുള്ള ശ്മശാന ഭൂമിയിലെ ഫലവൃക്ഷങ്ങളുടെ മേലാദായം 2016-17 സാമ്പത്തിക വർഷം 2100/- രൂപയ്ക്ക് ലേലം ചെയ്തിരുന്നെങ്കിലും ഇതിൽ 500/- രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്. ശേഷിക്കുന്ന തുക ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയോ ലേല ഡയറി ഹാജരാക്കുകയോ ചെയ്തില്ല. കുടിശ്ശിക തുക 1600/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യത ആയിരിക്കുന്നതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- തുക നൽകിയിട്ടും അധിക വാറന്റി ലഭ്യമാക്കിയില്ല.

അരുക്കുറ്റി ഗ്രാമപഞ്ചായത്തിൽ അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ കംപ്യൂട്ടർ വാങ്ങൽ പദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം-18/2018)

ബിൽ നം. -23/17-18, Rs.238800/-, c/o - 09.03.2018

ഈ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം എസ്.സി വിഭാഗം വിദ്യാർത്ഥികൾക്കായി 10 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഐ.ടി മിഷൻ സ്പെസിഫിക്കേഷൻ പ്രകാരമുള്ള 5 വർഷം മാനുഫാക്ചർ (o.e.m) വാറന്റിയുൾപ്പടെയുള്ള ലാപ്ടോപ്പുകളാണ് തദ്ദേശസ്ഥാപനങ്ങളിൽ വാങ്ങേണ്ടത്. ടെണ്ടറിൽ കുറഞ്ഞ നിരക്കുകൾ ക്വാട്ട് ചെയ്ത മെ. ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും ACER- ES1-533 എന്ന മോഡൽ ലാപ്ടോപ്പുകളാണ് പദ്ധതിക്കായി വാങ്ങിയത്. ES1-533 മോഡലിനുള്ള മാനുഫാക്ചർ വാറന്റിക്ക് (ഒരുവർഷം) 22700/- രൂപയും ഇതേ മോഡൽ രണ്ട് വർഷം അധിക വാറന്റിയുള്ളത് 23880/- രൂപയുമാണ് സ്ഥാപനം ക്വാട്ട് ചെയ്തത്. 23880/- രൂപ വിലവരുന്ന 3 വർഷ വാറന്റി ഉൾപ്പെട്ട കംപ്യൂട്ടറുകളാണ് വാങ്ങിയത്. ആൽഫനെറ്റ് സിസ്റ്റംസ് നൽകിയ ബില്ലിൽ മാത്രമാണ് വാറന്റി സംബന്ധിച്ച വിവരമുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങി നൽകിയ ലാപ്ടോപ്പുകളുടെ വാറന്റി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ നൽകിയ കംപ്യൂട്ടറുകൾക്ക് നോർമൽ പ്രോഡക്ട് വാറന്റിയായ ഒരു വർഷം മാത്രമാണുള്ളത്. വാശാനം ചെയ്ത അധിക വാറന്റി സ്ഥാപനം നൽകിയിട്ടില്ല. ലഭ്യമാക്കാത്ത അധിക വാറന്റി നൽകുന്നതിനായി ലാപ്ടോപ്പ് ഒന്നിന് 1,180/- രൂപ വീതം 11,800/- രൂപ യാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്. അധിക വാറന്റിക്കായി കൂടിയ തുക ഈടാക്കുകയും എന്നാൽ പഞ്ചായത്തിനെ തെറ്റിദ്ധരിപ്പിച്ച് കുറഞ്ഞ വാറന്റിയുള്ള ലാപ്ടോപ്പ് നൽകുകയും ചെയ്ത സപ്ലൈയറിൽ നിന്നും അധിക വാറന്റിക്കായി നൽകിയ തുക തിരികെ ഈടാക്കുവാനോ നൽകിയ തുകക്കുള്ള അധിക മാനുഫാക്ച്ചർ വാറന്റി ലഭ്യമാക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

3-2 ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ -വിതരണം നടത്താതെ സൂക്ഷിക്കുന്നു.

ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ (പ്രോജക്ട് നം. – 121/18)

ബിൽ നം. - 12/2017-18, Rs. 250000/-, c/o – 21.03.2018

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ (പ്രോജക്ട് നം-121/18) എന്ന പദ്ധതിക്കായി 2017-18 സാമ്പത്തികവർഷം 2,50,000/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥ ഉപകരണങ്ങളുടെ ആവശ്യകത കണക്കാക്കുന്നതിനായി കെൽട്രോണിന് കത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോൺ 16.11.2017 ന് ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിയുള്ളവർക്കായി മെഡിക്കൽ ക്യാമ്പ് നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്യാമ്പ് സംബന്ധിച്ച മറ്റ് വിശദാംശങ്ങൾ, പങ്കെടുത്ത സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ടെക്നീഷ്യന്മാരുടേയും ഗുണഭോക്താക്കളുടേയും വിവരങ്ങൾ എന്നിവയൊന്നും ഒന്നും ലഭ്യമാക്കിയിട്ടില്ല. ക്യാമ്പിൽ ഓരോരുത്തർക്കും ആവശ്യമായ ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിന് നൽകിയത് പ്രകാരമാണ് വാങ്ങൽ നടത്തിയത്. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 10.2, 10.3 എന്നിവ പ്രകാരം ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്ന ക്യാമ്പ് നടത്തി വാങ്ങേണ്ട എണ്ണം നിശ്ചയിച്ചതിനുശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ. ജില്ല/ താലൂക്ക്/ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സംഘമാണ് ക്യാമ്പ് നടത്തേണ്ടത്. ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തെയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താൻ പാടില്ല. ഗ്രാമപഞ്ചായത്ത് വഴി തിരഞ്ഞെടുത്ത് നൽകുന്ന ഗുണഭോക്താക്കൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വഴിയാവണം സഹായ ഉപകരണങ്ങൾ നൽകേണ്ടത്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് കെൽട്രോൺ വഴി ക്യാമ്പ് നടത്തി പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. മെഡിക്കൽ ക്യാമ്പ് പ്രകാരം ശുപാർശ ചെയ്ത ഓർത്തോപീഡിക് വിഭാഗത്തിൽ പെടുന്ന 11 പേർക്കും, ഇ.എൻ.ടി (ശ്രവണസഹായി) വിഭാഗത്തിലെ 12 പേർക്കും ഉൾപ്പടെ ആകെ 23 പേർക്കായാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/11/17 ലെ 1/3 നമ്പർ തീരുമാനപ്രകാരം ഉപകരണങ്ങൾക്ക് സപ്ലൈ ഓർഡർ നൽകിയത്. 31.01.2018, 10.02.2018 തിയതികളിലായി കെൽട്രോൺ പഞ്ചായത്തിൽ വിതരണം നടത്തിയ ഉപകരണങ്ങൾ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ

ചേർത്തിട്ടില്ല. ഉപകരണങ്ങളുടെ വിതരണ വിവരങ്ങളും കൃത്യമല്ല. 22 പേർക്കുള്ള ഉപകരണങ്ങളാണ് വാങ്ങിയതെങ്കിലും 18 പേരുടെ പേര് വിവരങ്ങൾ മാത്രമാണ് രേഖകൾക്കൊപ്പം ചേർത്തിട്ടുള്ളത്. ഇവർ ഓരോരുത്തർക്കും ഏത് ഉപകരണമാണ് നൽകിയതെന്നോ എത്ര എണ്ണം വീതമാണ് നൽകിയതെന്നോ ഉള്ള വിവരമില്ല. മെഡിക്കൽ ക്യാമ്പിൽ ഓരോരുത്തർക്കും അനുയോജ്യമായ ഉപകരണങ്ങളുടെ പേര്, എണ്ണം, തരം എന്നിവ വിശദമാക്കിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിതരണം സംബന്ധിച്ച കൃത്യമായ രേഖയില്ലാത്തതിനാൽ ശുപാർശ ചെയ്ത ഉപകരണങ്ങൾ തന്നെ ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നില്ല. കെൽട്രോൺ നൽകിയ ലിസ്റ്റ് പ്രകാരമുള്ള നാലുപേർ ഉപകരണങ്ങൾ കൈപ്പറ്റിയതിന്റെ വിവരമില്ല. ഒന്നിന് യഥാക്രമം 7500/-, 8000/- രൂപ വീതം വിലവരുന്ന 2 ശ്രവണസഹായികൾ (പ്രോഫൗണ്ട് & സിവിയർ) 5595/- രൂപ വീതം വിലവരുന്ന രണ്ട് AK Caliper, 1092/- രൂപ വീതം വില വരുന്ന രണ്ട് Accommodative footwear, 531/- രൂപ വീതം വിലവരുന്ന രണ്ട് forearm crutches, 3916/- രൂപ വില വരുന്ന Knee cape with droplock എന്നിവയാണ് ഫയൽ പ്രകാരം വിതരണം നടത്താനുള്ളത്. ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കാത്തതിനും വിതരണവിവരങ്ങൾ കൃത്യമായി തയ്യാറാക്കാത്തതിനും കൃത്യമായ വിശദീകരണം നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളെ പല തവണ അറിയിച്ചിട്ടും ഗുണഭോക്താക്കൾ കൈപ്പറ്റിയില്ല എന്നറിയിച്ച ഈ ഉപകരണങ്ങൾ തിരികെ കെൽട്രോണിന് നൽകാനാകുമോ എന്നത് പരിശോധിക്കേണ്ടതാണ്. വിതരണം ചെയ്യാത്ത ഉപകരണങ്ങൾക്കായി ചെലവഴിച്ച 33,852/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-3 മെഡിക്കൽ ഉപകരണങ്ങൾ ക്വട്ടേഷൻ പ്രകാരമല്ലാതെ വാങ്ങി

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ 'ഹോമിയോ ആശുപത്രിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ' (പ്രോജക്ട് നം. S0021/18) പദ്ധതിയുമായി ബന്ധപ്പെട്ട് 25,000/- രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ഗ്ലൂക്കോ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ബിൽ നം. 2/17-18, 12,291/-രൂപ, തീയതി. 28.10.17 & 3/17-18, 12,709/-രൂപ, തീയതി. 17.11.17) തദ്ദേശ സ്ഥാപനങ്ങളുടെ പർച്ചേസുമായി ബന്ധപ്പെട്ട് പ്രോക്വയർമെൻറ് മാന്വൽ 2010 പ്രകാരം 5000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങണമെന്നിരിക്കെ അപ്രകാരമല്ലാതെയാണ് വാങ്ങിയിട്ടുള്ളത്. കൂടാതെ മെഡിക്കൽ ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്ന കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും ഇവ വാങ്ങുന്നതിനുള്ള സാധ്യതയും പരിഗണിച്ചിട്ടില്ല. ഗ്ലൂക്കോവേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ഉപകരണങ്ങൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാലാണ് മറ്റ് സ്ഥാപനത്തിൽ നിന്നും വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള പർച്ചേസുകൾ നടത്തുമ്പോൾ, ഉപകരണങ്ങൾ കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്ന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതും, അവിടെ ലഭ്യമല്ലാത്തവ മത്സരാധിഷ്ഠിത ക്വട്ടേഷൻ/ ടെണ്ടർ നടപടികളിലൂടെ പർച്ചേസ് നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതുമാണ്.

3-4 പാലിയേറ്റീവ് പരിചരണം -മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ അലോപ്പതി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം പദ്ധതിയുമായി (പ്രോജക്ട് നം. S0010/18) ബന്ധപ്പെട്ട് ബ്ലോക്ക് വിഹിതമായി ലഭിച്ച 108640/- രൂപയിൽ (ചെക്ക് നം. 2752790, തീയതി.17.3.18) നിന്നും 22040/- രൂപ പാലിയേറ്റീവ് പരിചരണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (അക്കൗണ്ട് നം. 3624001800000019) അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 24, തീയതി. 18.12.2018) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കിടപ്പ് രോഗികളുടെ പരിചരണത്തിനാവശ്യമായ വീൽചെയർ, ബി.പി.അപ്പാരറ്റസ് ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അഡ്വാൻസ് തുക നൽകിയിട്ടും ഉപകരണങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 22040/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5 വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളിൽ വിനിയോഗ രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പ്രോജക്ട് നം. 7/18 (സാമൂഹിക സുരക്ഷ മിഷന് ധന സഹായം)

അടങ്കൽ : 1,00,000/- (വി.ഫ)

ചെലവ് : 1,00,000/- (ബിൽ നം. 03/17-18, തീ: 20.07.2017)

സാമൂഹിക സുരക്ഷാ മിഷൻ പേയ്മെന്റ് ഗേറ്റ് വേയിലേയ്ക്ക് സ.ഉ. (സാധാ) നം. 1209/2013/തസ്വഭവ, തീ: 06.05.2013 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിഹിതം നൽകുന്നതിനായിട്ടുള്ളതാണ് പ്രോജക്ട്. മേൽ ഉത്തരവ് ക്രമ നം. 6 പ്രകാരം പഞ്ചായത്ത് നൽകിയ തുകയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവ് തുകയായ 1 ലക്ഷം രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

2. പ്രോജക്ട് നം. 12/18 (തെരുവ് വിളക്കുകൾക്ക് വൈദ്യുത ലൈൻ എക്സ്റ്റൻഷൻ)

അടങ്കൽ: 21,21,895/-(വി.ഫ സാധാ- 545180/-: ധ.ക.ഗ്രാന്റ്- 576715; ജില്ലാപ. വിഹിതം-10 ലക്ഷം)

ചെലവ്: 21,21,895/- (ബിൽ നം. 30/16-17 തീ: 30.03.2017 - 545180/-

ബിൽ നം. 31/16-17 തീ: 30.03.2017 – 576715/-

ചെക്ക് നം. 2752782/17.05.2017- 10,00,000/-)

ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്ക് ലൈൻ എത്തിച്ചേരാത്ത എല്ലാ വാർഡുകളിലേയും 20 പ്രദേശങ്ങളിലേയ്ക്ക് ലൈൻ നീട്ടുന്നതിനായി ഡെപ്പോസിറ്റ് പ്രവൃത്തിയായി കെ.എസ്.ഇ.ബി.യ്ക്ക് തുക നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. 2017- മാർച്ച് 30-ാം തീയതി കെ.എസ്. ഇ.ബി.യും ഗ്രാമപഞ്ചായത്തും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ പ്രകാരം 01.08.2017-ൽ പ്രവൃത്തി ആരംഭിച്ച് 31.03.2018- നകം പൂർത്തീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാൻ ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 18/ 18.12.2018) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട്, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുകയായ 21,21,895/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-6 ഖരമാലിന്യശേഖരണവും നിർമ്മാർജ്ജനവും -തുടർ നടപടികളില്ല

ഖരമാലിന്യശേഖരണവും നിർമ്മാർജ്ജനവും (പ്രോജക്ട് നം. – 147/18)

ബിൽ നം. – 1/17-18, Rs.65,000/-, c/o - 12.02.18

4/17-18, Rs.65,000/-, c/o - 15.03.18

7/17-18, Rs.65,000/-, c/o - 27.03.18

5/17-18, Rs.1,700/-, c/o - 15.03.18

6/17-18, Rs.37,817/-, c/o - 15.03.18

വിലേജ് എക്സ്റ്റൻഷൻ ഓഫീസർ (അരുക്കുറ്റി നദ്വത്ത്നഗർ) 2017-18ൽ നടപ്പിലാക്കിയ ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും (പ്രോജക്ട് നം. – 147/18) എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ്മസേന മുഖാന്തിരം നീക്കം ചെയ്യുന്നതിനായി ഹരിത കർമ്മസേനാംഗങ്ങൾക്ക് ഓണറേറിയം, മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനവാടക എന്നിവയടക്കം ആകെ 2,46,700/- രൂപയാണ് ചെലവഴിച്ചത്. പഞ്ചായത്തിലെ മാലിന്യപ്രശ്നത്തിന് പരിഹാരമായി തയ്യാറാക്കിയ പദ്ധതി ആദ്യമാസങ്ങളിലെ പ്രവർത്തനങ്ങൾ മാത്രമായി ചുരുങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ 13 ഹരിത കർമ്മസേനാംഗങ്ങൾക്ക് 3 മാസം 5000/- രൂപ വീതം ഓണറേറിയം അനുവദിച്ചതാണ് പദ്ധതിയിലെ പ്രധാന ചെലവ്. മാലിന്യസംസ്കരണ പ്രവർത്തനങ്ങൾക്ക് പദ്ധതിയിൽ കാര്യമായ ചെലവില്ല. പഞ്ചായത്തിലെ പദ്ധതിയുടെ ഉത്ഘാടനം, കർമ്മസേനാംഗങ്ങൾക്ക് യൂണിഫോം എന്നിവ വാങ്ങിയതിനായി പദ്ധതിയിൽ നിന്നല്ലാതെ തനതുഫണ്ടിൽ നിന്നും

തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമായ മാലിന്യ ശേഖരണവും അവയുടെ നീക്കം ചെയ്യലും പദ്ധതിയുടെ തുടർച്ചയായി നടക്കുന്നില്ല.

ജൈവ,അജൈവ മാലിന്യനിർമ്മാർജ്ജന പരിപാടികളുടെ അടിസ്ഥാനം മാലിന്യം സൃഷ്ടിക്കുന്ന അതീവ ഗൗരവമായ ആരോഗ്യപ്രശ്നങ്ങളെയും പാരിസ്ഥിതിക സംതുലനാവസ്ഥയിലുണ്ടാക്കുന്ന ഗുരുതരമായ മാറ്റങ്ങളെയും കുറിച്ച് പൊതുസമൂഹത്തിലുണ്ടാകുന്ന അവബോധമാണ്. ഇതാണ് മാലിന്യങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്യുവാനുള്ള നടപടികളിലേക്ക് സമൂഹത്തെ നയിക്കേണ്ടത്. ഇതിലേക്കായി സമൂഹത്തെ ബോധവത്ക്കരിക്കൽ, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുക എന്നിവയാണ് തദ്ദേശസ്ഥാപനങ്ങൾ ചെയ്യേണ്ടത്. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഏറ്റവും അടിസ്ഥാനമായി വേണ്ടത് സ്ഥിരമായ ഒരു മാലിന്യ കളക്ഷൻ സെന്റർ സ്ഥാപിക്കുക (M.C.F) എന്നതാണ്. ഇതിനുശേഷം മാത്രമാണ് വിവിധ സ്രോതസ്സുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുക പോലുള്ള അടുത്ത നടപടികൾ ചെയ്യാനാവുന്നത്. മാലിന്യ കളക്ഷൻ സെന്റർ തുടങ്ങുക എന്ന അടിസ്ഥാനകാര്യം പോലും തീരുമാനമാകാതെയാണ് പദ്ധതി തുടങ്ങിയത്. ഇതുമൂലം ഗാർഹിക മാലിന്യങ്ങൾ ശേഖരിച്ച് പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതിനും അവിടെത്തന്നെ ദീർഘകാലം സൂക്ഷിക്കുന്നത് വഴിയുള്ള പൊതുമാലിന്യപ്രശ്നങ്ങൾക്കും ഇടയാക്കി. മാലിന്യശേഖരണ, സംസ്കരണ പദ്ധതിയുടെ ആദ്യകാലപ്രവർത്തനങ്ങൾക്കു ശേഷമുള്ള തുടർ നടത്തിപ്പ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്ന യൂസർഫീ ഉപയോഗിച്ചാണ് നടത്തേണ്ടത്. ഇതിനായി പദ്ധതിപ്രകാരം 50,000 രൂപ ചെലവഴിച്ച് അച്ചടിച്ച ഫോമുകളും രജിസ്റ്ററുകളും രസീതി ബുക്കുകളും ഒന്നുംപോലും ഉപയോഗിക്കാതെ ഓഫീസിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. സ്ഥിരം സംവിധാനമായി നടത്തുന്നതിന് ആവിഷ്കരിച്ച ഖരമാലിന്യ കളക്ഷൻ, സംസ്കരണം എന്നിവ തുടർപ്രവർത്തനങ്ങളില്ലാതെ മുടങ്ങിയതിന് പ്രധാനകാരണം വേണ്ടത്ര പഠനമോ മുന്നൊരുക്കങ്ങളോ ഇല്ലാതെ പദ്ധതി നടപ്പാക്കിയതാണ്. മാലിന്യസംസ്കരണം എന്ന സംസ്കാരം വീടുകളിലും സ്ഥാപനങ്ങളിലും തുടങ്ങുംവിധമുള്ള സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികളും അവയുടെ തുടർച്ചയായി മാത്രം വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പുവരുത്തി മാത്രം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. യൂസർഫീ വാങ്ങിയുള്ള മാലിന്യശേഖരണം നടപ്പാക്കാത്ത സാഹചര്യത്തിൽ ഈ സൗകര്യങ്ങൾക്കായി ചെലവഴിച്ച 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 പൈപ്പ് കംപോസ്റ്റ് യൂണിറ്റുകൾ വിതരണം നടത്താതെ സൂക്ഷിക്കുന്നു

പൈപ്പ് കംപോസ്റ്റ് (പ്രോജക്ട് നം- S0015/18)

2017-18 സാമ്പത്തിക വർഷം വിലേജ് എക്സ്റ്റൻഷൻ ഓഫീസർ (അരുക്കുറ്റി നദ്‌വത്ത്നഗർ) നടപ്പിലാക്കിയ ഖരമാലിന്യ ശേഖരണത്തിനായുള്ള "പൈപ്പ് കംപോസ്റ്റ്" പദ്ധതിയിൽ (പ്രോജക്ട് നം-15/18) ശുചിത്വമിഷൻ വിഹിതം (75%), തദ്ദേശസ്ഥാപന വിഹിതം (15%), ഗുണഭോക്തൃവിഹിതം (10%) എന്നീയിനങ്ങളിലായി 3,35,700/- രൂപ ചെലവഴിച്ച് 373 പേർക്ക് (ഒരാൾക്ക് രണ്ട് യൂണിറ്റ് വീതം) 746 യൂണിറ്റ് പൈപ്പ് കംപോസ്റ്റുകൾ 900/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഇതിൽ 310 ഗുണഭോക്താക്കൾക്ക് 620 പൈപ്പ് കംപോസ്റ്റു യൂണിറ്റുകൾ വിതരണം ചെയ്തതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖകൾ ഹാജരാക്കിയിട്ടുള്ളത്. പദ്ധതിയിലെ വിതരണം പൂർത്തിയാക്കുംമുമ്പ് സ്ഥലംമാറ്റം ലഭിച്ചതിനാൽ ബാക്കി വിതരണം നടത്താനുള്ള 63 ഗുണഭോക്താക്കളുടെ ലിസ്റ്റും 126 പൈപ്പ് കംപോസ്റ്റു യൂണിറ്റുകളും പുതുതായി ചാർജ്ജെടുത്ത നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയതായും അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ 94 പൈപ്പ് കംപോസ്റ്റു യൂണിറ്റുകൾ നാളിതുവരെയായി ഗുണഭോക്താക്കൾക്ക് നൽകാതെ പഞ്ചായത്ത് ഓഫീസിനു സമീപം സൂക്ഷിച്ചിരിക്കുകയാണ്. പുതിയ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയതായി അറിയിച്ച 126 പൈപ്പ് കംപോസ്റ്റു യൂണിറ്റുകളിൽ 32 പൈപ്പ് കംപോസ്റ്റുകളുടെ വിതരണരേഖകളൊന്നും ഹാജരാക്കിയിട്ടില്ല. വിതരണ രജിസ്റ്ററിൽ പല ഗുണഭോക്താക്കളുടെയും പേര് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ അവർ പൈപ്പ് കംപോസ്റ്റ് കൈപ്പറ്റിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. എല്ലാവരുടേയും അപേക്ഷകളും ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ നിന്നും 56,700 (63x 900) ചെലവഴിച്ച് വാങ്ങിയ മാലിന്യസംസ്കരണയൂണിറ്റുകൾ നിഷ്ക്രിയമായി സൂക്ഷിച്ചിരിക്കുന്നതിനും വിതരണരേഖകളില്ലാത്തതിനും വിശദീകരണം ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കൃത്യമായ വിതരണം വിവരങ്ങളില്ലാത്തതും നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ളതുമായ പൈപ്പ് കമ്പോസ്റ്റുകളുടെ വിലയായി ചെലവഴിച്ച 56,700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-8 സ്കോളർഷിപ്പ് വിതരണം- ചെലവുരേഖകൾ പൂർണ്ണമല്ല

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം (പ്രോജക്ട് നം-13/18)

ചെക്ക് നം. - 275278, Rs.100000/-, c/o – 23.01.2018

ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിതരണം എന്ന പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1,00,000/- രൂപയിൽ 95,250/- രൂപ മാത്രം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിശദാംശങ്ങൾ മാത്രമാണ് പദ്ധതി ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഒരു ഗുണഭോക്താവിന് അനുവദിച്ച 4750/- രൂപയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (16/17-18, 17.12.2018) നൽകിയെങ്കിലും ബാക്കി തുകയുടെ വിനിയോഗവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖയുടെ അഭാവത്തിൽ 4750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 നാളികേര കൃഷി വികസനം- പദ്ധതി നടപ്പാക്കിയതിലെ അപാകങ്ങൾ

നാളികേര കൃഷി വികസനം (പ്രോജക്ട് നം-98/18)

ബിൽ നം. - 2/17-18, Rs. 200,801/-, c/o – 12.01.18

11/17-18, Rs.255000/-, c/o – 31.03.18
ചെക്ക് നം – 2752794, തീയതി : 31.03.18, Rs. 82000/-
ചെക്ക് നം – 2752788, തീയതി : 5.03.18, Rs. 200801/-

ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ 2017-18ൽ നടപ്പിലാക്കിയ നാളികേര കൃഷി വികസനം (പ്രോജക്ട് നം. – 98/18) എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ കേട് വന്ന 1000തെങ്ങുകൾ വെട്ടി മാറ്റി പകരം പുതിയ 1000തൈകളും 75% സബ്സിഡി നിരക്കിൽ വളവും വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 5,40,000/- രൂപ വീതം ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പദ്ധതി വിഹിതവും 1,90,000/- രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പടെ ആകെ 12,70,000/- രൂപ അടങ്കലിലാണ് പദ്ധതി തയ്യാറാക്കിയത്. എന്നാൽ 664 തെങ്ങ് വെട്ടിമാറ്റലും 535470/- രൂപയുടെ വളം വിതരണവും മാത്രമാണ് പദ്ധതിയുടെ ഭാഗമായി നടത്തിയത്. വെട്ടിമാറ്റിയ തെങ്ങിന് പകരമായി പകരം തെങ്ങിൻതൈകൾ വാങ്ങുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല. തദ്ദേശ സർക്കാരിന്റെ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖപ്രകാരം സബ്സിഡി അനുവദനീയമായ ഇനങ്ങളിൽ തെങ്ങ് വെട്ടി മാറ്റി പുതിയ തൈകൾ നൽകുന്ന പദ്ധതിക്കാണ് സബ്സിഡി നൽകേണ്ടത്. മാർഗ്ഗരേഖ പ്രകാരമല്ലാത്ത ഏതിനത്തിലും പദ്ധതി തുക ചെലവഴിക്കുന്നതിനും സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കാത്തതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 5,40,000/- രൂപയിൽ 2,82,801/- രൂപ മാത്രമാണ് ചെലവഴിച്ചത്. വിഹിതത്തിൽ ബാക്കി തുകയായ 257199/- രൂപ ജില്ലാ പഞ്ചായത്തിന് തിരികെ നൽകേണ്ടിയും വന്നു. മാർഗ്ഗരേഖ പ്രകാരമല്ലാതെ പദ്ധതി നടപ്പാക്കിയതിനും ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ തിരികെ നൽകേണ്ടിവന്നതിനും വിശദീകരണം ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-10 വെള്ളക്കരം

2017-18 പൊതുടാപ്പുകളുടെ വെള്ളക്കരമായി 49,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. 2018 നവംബർ മാസം വരെ 112 ടാപ്പുകൾക്കാണ് തുക ഒടുക്കിയിരുന്നത്. ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും ചേർന്നു നടത്തിയ സംയുക്തപരിശോധനക്കുശേഷം ടാപ്പുകളുടെ എണ്ണം 97 ആയി കുറഞ്ഞിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം. 1275/09/ത.സ്വ.ഭ.വ, തീയതി : 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതനുസരിച്ച് സമയബന്ധിതമായി സംയുക്ത പരിശോധന നടത്തി വെള്ളക്കരമിനത്തിലുള്ള തുക 49,000/-രൂപയിൽ നിന്നും 42,438/- രൂപയാക്കി കുറവു ചെയ്യാൻ സാധിച്ചത് അഭിനന്ദനാർഹം തന്നെയാണ്. എന്നാൽ ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്ന സമീപനം സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്താവുന്നതാണ്.
2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.
4. പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗ രഹിതമായവയ്ക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

3-11 സാക്ഷരതാ പ്രേരക്മാർക്ക്അനുവദിച്ച ഹോണറേറിയം - 36,000/- രൂപ ക്രമീകരിച്ചിട്ടില്ല

തുടർ വിദ്യാഭ്യാസകേന്ദ്രത്തിലെ സാക്ഷരതാ പ്രേരക്മാരായ ശ്രീ. വി. എസ്. സതീശൻ, ശ്രീമതി. തങ്കച്ചി, ശ്രീമതി. ഐഷ എന്നിവർക്ക് ഗ്രാമ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഉൾപ്പെട്ട മാർച്ച് 2017ലെ ഹൊണറേറിയം യഥാക്രമം വൗച്ചർ നം. 21700053/22.4.17, 21700054/22.4.17, 21700055/22.4.17 പ്രകാരം 12,000/- രൂപ വീതം ആകെ 36,000/- തനതുഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. G.O.(Rt) 27/17/gen.edn. Dt : 7.1.17 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം ഇവർക്കു തുക നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കാൻ കത്തു നൽകിയെങ്കിലും നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-12 ശമ്പള പരിഷ്കരണത്തിനാനുപാതികമായി ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി) 7/2016/ഫിൻ, തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1)പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിശദ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം. 8/15.12.2018) തുക അടവാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

3-13 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്തിടപാടുകൾ നടത്തിയതിന്റെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നാളിതുവരെ സംയുക്തപരിശോധന നടന്നിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി

ചാർജ്ജായ 28388/- രൂപ ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് (കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് പ്രൊവിഷണൽ ഇൻവോയ്സ് കാർഡ്) താഴെ പറയും പ്രകാരമുള്ള തെരുവുവിളക്കുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്.

ക്രമ നം	ഇനം	എണ്ണം
1	എൽ.ഇ.ഡി.	113
2	ട്യൂബ് ലൈറ്റ്	375
3	ഹൈമാസ്റ്റ് ലാംപ്	5

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.
2. നിലവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ട്യൂബ് ലൈറ്റുകൾ, സോഡിയം വേപ്പർ ലാമ്പുകൾ എന്നിവ മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള സമഗ്ര പ്രോജക്റ്റ് ആവിഷ്കരിക്കേണ്ടതാണ്. സോളാർ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.
5. എല്ലാ തെരുവു വിളക്കുകളും മീറ്ററിംഗിന് കീഴിലാക്കിയാൽ ഒടുക്കുന്ന വൈദ്യുതി ചാർജ്ജിന് കൃത്യത ഉണ്ടാവുകയും നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നത് ഒഴിവാകുകകയും ചെയ്യുന്നതാണ്.
6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

3-14 വിനൈൽ ഫോം ബോർഡ് പ്രിന്റിംഗ്- അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല

തനതു ഫണ്ടിൽ നിന്നും 27500/- രൂപ വിനൈൽ ഫോം ബോർഡ് പ്രിന്റിംഗ് ഇനത്തിൽ അനിൽകുമാർ ഫ്രീലാൻസ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ചെക്ക് നം. 7172/27.03.2018) സ്ഥാപനം ഹാജരാക്കിയ ബില്ലിൽ (Invoice No. 508) 22550/- രൂപ പ്രിന്റിംഗ് ചാർജ്ജും 18% CGST ആയി 2475/- രൂപയും, 18% SGST ആയി 2475/- രൂപയും വേർതിരിച്ച് കാണിച്ചാണ് ബിൽ നൽകിയിട്ടുള്ളത്. എന്നാൽ വിനൈൽ ഫോം ബോർഡ് പ്രിന്റിംഗ് ഇനത്തിൽ 1237.5/- രൂപ വീതം (9% CGST, 9% SGST) ആകെ 2475/ - മാത്രമാണ് നികുതി ബാധ്യത. ആയതിനാൽ 2475/- അധികം നൽകിയതിന് വിശദീകരണം ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ പ്രകാരമുള്ള തുകയാണ് നൽകിയതെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ബിൽ പ്രകാരമുള്ള തുകയും ആയതിന്റെ നികുതിയും മാത്രം നൽകിയാൽ മതിയെന്നിരിക്കെ മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ അധികം നൽകിയ 2475/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രോജക്റ്റ് വിശദാംശം താഴെ കൊടുക്കുന്നു.

പ്രോ നം. 151/18 (ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ)

അടങ്കൽ: 291640/--(വി.ഫ സാധാ- 1,00,000/-: ത.ഫ-191640/-)

ചെലവ്- 224658/-(ബിൽ നം. 31/17-18/26.03.18- 12168/-

ബിൽ നം. 36/17-18/27.03.18- 87832/-)

3-15 പ്രോജക്ട് നിർവ്വഹണത്തിലെ അപാകത

ഗവ. എൽ. പി. എസ്. ഹെഡ്മാസ്റ്റർ നിർവഹിച്ച പ്രോജക്ടുകളുടെ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1. കുട്ടികൾക്ക് കായികപരിശീലനം

പ്രോജക്ട് നം. : എസ്.ഓ.139/18

വികസനഫണ്ട് : 91,450/-

ചെലവ് : 91,450/- (ബിൽ നം.2/17-18/28.3.2018)

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള കായികപ്രതിഭകളെ കണ്ടെത്തി അവർക്ക് കൂടുതൽ പരിശീലനം നൽകി മികവുറ്റ കായികതാരങ്ങളാക്കി വാർത്തെടുക്കുവാൻ സ്പോർസ് കൗൺസിൽ അംഗീകാരമുള്ള പരിശീലകരെ കണ്ടെത്തി അവർ മുഖാന്തിരം പരിശീലനം നൽകുന്ന പ്രോജക്ടാണിത്.

അപാകതകൾ

1. പരിശീലനം നൽകിയ വ്യക്തിക്ക് സ്പോർസ് കൗൺസിൽ അംഗീകാരം ലഭിച്ചിട്ടുള്ളതിന് രേഖ ഉള്ളടക്കം ചെയ്തിട്ടില്ല.
2. സ്പോട്സ് ഐറ്റംസ് വാങ്ങുവാൻ ലഭ്യമാക്കിയ ക്വട്ടേഷനുകൾ മുഴുവൻ ഹാജരാക്കിയില്ല.
3. സ്പോട്സ് ഐറ്റം എല്ലാം ഒരു സ്ഥാപനത്തിൽ നിന്നും ലഭ്യമാണെന്നിരിക്കെ രണ്ടു വ്യത്യസ്ത കടകളിൽ നിന്നും വാങ്ങുവാനുള്ള കാരണമെന്ത്?
4. കായികപരിശീലനത്തിനു തെരഞ്ഞെടുത്ത കുട്ടികൾ ഏത് വാർഡിൽപ്പെടുന്നുവെന്ന് വ്യക്തമല്ല.

2. പത്താം തരം തുല്യത

പ്രോജക്ട് നം. : എസ്.ഓ.145/18

വികസനഫണ്ട് : 49,350-

ചെലവ് : 49,350/-(ബിൽ നം.3/17-18/28.3.2018

അരുക്കുറ്റി ഗ്രാമപഞ്ചായത്തിലെ പഠിക്കാൻ കഴിയാതെപോയ ആളുകൾക്ക് പത്താം ക്ലാസ്സ് വിദ്യാഭ്യാസം നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയാണിത്.

അപാകതകൾ

1. 49,350/- രൂപ കേരള സ്റ്റേറ്റ് സാക്ഷരതാമിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ (അക്കൗണ്ട് നം. 57026996123) ചെയ്തിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.
2. എത്ര ആളുകൾ പങ്കെടുത്തു, എത്ര ആളുകൾ പരീക്ഷാ പാസായി എന്നുള്ള വിവരം ലഭ്യമല്ല.
3. പദ്ധതി വിഹിതം കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവേശനം നേടിയതിൻെറ രേഖകൾ, കോഴ്സ് പൂർത്തികരിച്ചതിൻെറയും സർട്ടിഫിക്കറ്റ് നൽകിയതിന്റേയും രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകകൾ (91,450 + 49,350) തടസ്സപ്പെടുത്തുന്നു.

3-16 അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- പൊതു അപാകതകൾ

2017-18 വർഷം പൊതു മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ കൊടുക്കുന്നു.

1. പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള കരാറുകളിൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നില്ല. കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി.13/2012 പി.ഡബ്ല്യുഡി/1-2-2012 സെക്ഷൻ 2112 പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ കൂടാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തികരണ സമയത്തിന്റെ 50% ത്തിൽ കൂടാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്നക്രമത്തിലും ഈടാക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ, കാലവിളംബത്തിന് ഫൈൻ ഒടുക്കി സമയം ദീർഘിപ്പിച്ചു വാങ്ങുകയോ ചെയ്യാത്ത സംഗതികളിൽ കാലവിളംബം ഉണ്ടാകുന്ന ഓരോ ആഴ്ചയ്ക്കും പി.എ.സി. യുടെ 0.1% ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കണം. [സെക്ഷൻ 2116 (1)] എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്ക പ്രവൃത്തികളിലും പിഴ സംബന്ധിച്ച് 2012 നുമുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
2. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് (TR 7A) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
3. കരാർ രജിസ്റ്ററിലെ ചില പേജുകളിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of Completion) രേഖപ്പെടുത്തുന്നില്ല. (പേജ് നം. 17, 18, 20, 21 കാണുക).
4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന ഭൂരിഭാഗം കരാറുകളിലും ടെണ്ടർ ഷെഡ്യൂളുകളിലും പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ ലഭിച്ച തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് കരാറുകാരന്റെ ടെണ്ടർ വിശദാംങ്ങൾ അംഗീകരിച്ചു സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

പ്രോജക്ട് ഫയലുകളിലേയും അനുബന്ധ രജിസ്റ്ററുകളിലേയും ഇത്തരം അപാകങ്ങൾ നിർവ്വഹണ പ്രകിയയെ സാരമായി ബാധിക്കുന്നു. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ കൃത്യമായ മേൽനോട്ടം സുഗമമാക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ജില്ലാ പഞ്ചായത്ത്	2017-18	150000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്	150000	0
ബ്ലോക്ക് പഞ്ചായത്ത്	2017-18	150000		150000	0
ജില്ലാ പഞ്ചായത്ത്	2016-17	100000		100000	0
ജില്ലാ പഞ്ചായത്ത്	2016-17	1000000	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	1000000	0
ജില്ലാ പഞ്ചായത്ത്	2017-18	540000	നാളികേര കൃഷി വികസനം	282801	257199
ബ്ലോക്ക് പഞ്ചായത്ത്	2017-18	80000	മിൽക്ക് സബ്സിഡി	80000	0

ബ്ലോക്ക് പഞ്ചായത്ത്	2017-18	200000	പാലിയേറ്റീവ് കെയർ	199880	120

4-2. നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ/ വൗച്ചർ നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	21700114	1000000	0	1000000

4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി	സ.ഉ (സാധ) 869/2010, 15.03.2010	9843000	1609600	984300		625300

4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18,516/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./തീയതി
2015-16	3(2)	2100	മെഡിക്കൽ ഓഫീസർ, സി എച്ച് സി. അരൂക്കുറ്റി	117010102159 – 27.11.2017
2015-16	2(4)	650	പ്രസിഡന്റ്, ദക്ഷിണ കേരള ജമൈത്തുൽ ഉലൈമ	117010101156 – 26.07.2017
2012-13	3(6)	12016	നിഷ. എൻ. ബി, മണ്ണാരത്തിൽ	117010100861- 15.06.2017
2016-17	2(3)	3750	കെ. എസ്. ഇ. ബി, ചേർത്തല	117010500012 – 19.09.2017
ആകെ		18516		

4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3.1	2011-12	3.1	ക്ഷീരവികസനം ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം	നിലനിൽക്കുന്നു

4-8. സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

--ഇല്ല--

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	46846809
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	47006136
വരവിനങ്ങളിലുള്ള നഷ്ടം	:	3550
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	2,475
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	4,08,143

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-3	1,950		പി. വി. മണിയപ്പൻ, സെക്രട്ടറി
2-7	1,600		കമലേശൻ, സെക്രട്ടറി
3-14		2,475	കമലേശൻ, സെക്രട്ടറി
ആകെ	3550	2,475	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2	33,852	ഇന്ദുലേഖ. ജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-4	22,040	ഡോ. കെ. എ. ജോർജ്ജ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
3-5	1,00,000	വസന്തകുമാരി, സെക്രട്ടറി
3-6	50,000	ദീപ. ആർ, വി.ഇ.ഒ
3-7	56,700	ഉണ്ണിക്കുട്ടൻ, വി.ഇ.ഒ.
3-8	4,750	ഇന്ദുലേഖ.ജി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ
3-15	1,40,800	എൻ.അശോക് കുമാർ,എച്ച്.എം.ഗവ.എൽ.പി.എസ്
ആകെ	4,08,143	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന മയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
വസന്തകുമാരി, സെക്രട്ടറി.	റിട്ടയർ ചെയ്തു	അശ്വതി, പഴവീട്.പി.ഒ, ആലപ്പുഴ
കമലേശൻ, സെക്രട്ടറി	അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്	തെക്കേ ഓമഞ്ചേരി, നദുവത്ത് നഗർ പി.ഒ, ചേർത്തല
പി. വി. മണിയപ്പൻ, സെക്രട്ടറി	സെക്രട്ടറി, എഴുപുന്ന ഗ്രാമപഞ്ചായത്ത്	പുത്തൻതറ, എഴുപുന്ന സൗത്ത്. പി. ഒ, ചേർത്തല
ഹരിദാസ് പി. അസിസ്റ്റന്റ് സെക്രട്ടറി	അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്	ചെത്തിവട്ടത്തിൽ ഹൗസ്, കുറുപ്പംകുളങ്ങര. പി. ഒ, ചേർത്തല
ജാൻസി. എഫ് അസിസ്റ്റന്റ് എഞ്ചിനീയർ	എൽ. എസ്. ജി. ഡി. എഞ്ചിനീയറിംഗ് വിഭാഗം, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്,	ഫാത്തിമ മൻസിൽ, മാങ്കാങ്കുഴി. പി. ഒ, മാവേലിക്കര
ഇന്ദുലേഖ. ജി. ഐ.സി.ഡി.എസ്. സൂപ്പർവൈസർ	സി.ഡി.പി.ഓഫീസ്, പാണാവള്ളി. പി. ഒ. തൈക്കാട്ടുശ്ശേരി	എരമത്ത് ഹൗസ്, കളവങ്കോടം. പി. ഒ, ചേർത്തല
ദീപ.ആർ, വി.ഇ.ഒ	വി.ഇ.ഒ. ഓഫീസ്, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്	പടിഞ്ഞറെ തരകൻ പറമ്പിൽ, പള്ളിപ്പുറം. പി. ഒ, ചേർത്തല
ഡോ. കെ. എ. ജോർജ്ജ് മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	സി.എച്ച്.സി, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്	ഇടത്തറ വീട്, മാരൂർ. പി. ഒ, പത്തനംതിട്ട
ഉണ്ണിക്കുട്ടൻ, വി.ഇ.ഒ.	വി.ഇ.ഒ, അരൂക്കുറ്റി ഗ്രമപഞ്ചായത്ത്	കടവിൽ, പൂച്ചാക്കൽ, ചേർത്തല
എസ്. അശോക് കുമാർ, എച്ച്.എം, ഗവ.എൽ.പി.എസ്.	ഗവ.എൽ.പി.എസ്, മറ്റത്തിൽഭാഗം, വടുതല ജെട്ടി	മംഗലത്ത്, അരൂക്കുറ്റി. പി. ഒ, ചേർത്തല

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം
1997-98 ചെലവ്	എൽ.എഫ്.ജി.എ.5-1832/11/19.01.12
1998-99 ചെലവ്	എൽ.എഫ്.ജി.എ.5-1832/11/19.01.12
2005-06	എൽ.എഫ്.ജി.എ.5-1832/11/19.01.12
2006-07	എൽ.എഫ്.ജി.എ.5-1577/13/08.05.14
2007-08	എൽ.എഫ്.ജി.എ.5-1577/13/08.05.14
2008-09	എൽ.എഫ്.ജി.എ.5-1577/13/08.05.14
2009-10	എൽ.എഫ്.ജി.എ.5-1577/13/08.05.14
2010-11, 2011-12	എൽ.എഫ്.ജി.എ.5-1577/13/08.05.14
2012-13	എൽ.എഫ്.എ.പി9-1013/14/10.02.15
2013-14	എൽ.എഫ്.എ.പി.9-1018/2015/01.08.2015
2014-15	കെ.എസ്.എ.എ.എൽ.പി -പി9-661/2016/17.06.2016
2015-16	കെ.എസ്.എ.എ.എൽ.പി -പി9-1172/16/07.11.2016
2016-17	കെ.എസ്.എ-എ.എൽ.പി./പി9/965/2017/22.7.2017

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം - I

കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(56)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 06.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അരുക്കുറ്റി ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം - II

1.	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2.	ഇൻകം & എക്സ്പെൻഡിച്ചർ	
3.	ബാലൻസ് ഷീറ്റ്	

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ